# വൻചീട്ടുകളി സംഘത്തെ പിടികൂടി

ചെങ്ങമനാട് പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന ദേശം കുന്നുംപുറം ഭാഗത്തെ PVS ഫ്ലാറ്റിൽ നിന്നും വൻചീട്ടുകളി സംഘത്തെ എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ സ്പെഷ്യൽ സ്ക്വാഡും ചെങ്ങമനാട് പോലീസും ചേർന്ന് പിടികൂടി. .

ജില്ലാ പോലീസ് മേധാവിയ്ക്ക് ലഭിച്ച രഹസ്യവിവരത്തിൻെറ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് പണം വച്ച് ചീട്ടുകളിക്കുകയായിരുന്ന 10 പേരെ പിടികൂടിയത്. ഇവരിൽ നിന്നും ചൂതുകളിക്കുന്നതിനായി ഉപയോഗിച്ച **1,67,500/- രൂപായും** ചീട്ടുകളും ബന്തവസിലെടുത്തു.

അങ്കമാലി പുളിയനം സ്വദേശികളായ ജോജോ, ജസ്റ്റിൻ ജോസ്, നെടുമ്പാശ്ശേരി സ്വദേശികയായ ബേബി, പുത്തൻവേലിക്കര സ്വദേശികളായ രവി, സനിൽകുമാർ, കരിയാട് സ്വദേശിയായ ജോർജ്ജ് മാത്യു, ചെങ്ങമനാട് സ്വദേശിയായ സുരേഷ് കുമാർ, കുറുമശ്ശേരി സ്വദേശിയായ അഗസ്റ്റിൻ, എരയാംകുടി സ്വദേശിയായ ബാലൻ, മേലഡൂർ സ്വദേശിയായ സുരു എന്നിവരെയാണ് പിടികൂടിയത്

ചെങ്ങമനാട് പോലീസ് സ്റ്റേഷനിൽ KG ACT പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. ചെങ്ങമനാട് എസ്.ഐ കെ.ജി ഗോപകുമാർ, ജില്ലാ പോലീസ് മേധാവിയുടെ സ്പെഷ്യൽ സ്ക്വാഡിലെ ASI ജോയ്, പോലീസുകാരായ രാജേഷ്, പ്രശാന്ത്, നിഖിലേഷ് എന്നിവർ ചേർന്നാണ് ചീട്ടുകളിസംഘത്തെ പിടികൂടിയത്.